**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4057** **28-06-2024 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് അംഗത്വ പദ്ധതിയിൽ പുതുതായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ നേരത്തെ അപേക്ഷിക്കാൻ കഴിയാത്ത, സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എ) | സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നൽകുന്നതിനായി പുതുതായി അപേക്ഷ ക്ഷണിച്ചിട്ടില്ല. കാസ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത 3 ലക്ഷം രൂപയ്ക്ക് താഴെ വർഷിക വരുമാനമുള്ളവർക്കായി കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്) പദ്ധതി വഴി സേവനങ്ങൾ നൽകി വരുന്നുണ്ട്. നേരത്തെ അപേക്ഷിക്കാൻ കഴിയാത്ത, സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ